"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് ഫാമിലി ഹെൽത്ത് സെന്ററിലെ 38 ആശ പ്രവർത്തകർക്ക് ഹോണറേറിയം നൽകുന്നതിന് 2025-26 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ഏറ്റെടുക്കുന്നതിനുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം ബഹു. ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും, താൽക്കാലികമായി മാറ്റിവച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.1981/2025/LSGD തീയതി,തിരുവനന്തപുരം, 09-08-2025

---

പരാമർശം:-
1. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03.04.2025 തീയതിയിലെ 2(1) നമ്പർ തീരുമാനം.തൃക്കലങ്ങോട്
2. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.04.2025 തീയതിയിലെ 6(1) നമ്പർ തീരുമാനം.
3. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.04.2025 ലെ A3-1660/25 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് ഫാമിലി ഹെൽത്ത് സെന്ററിലെ 38 ആശപ്രവർത്തകർക്ക് മാസത്തിൽ 1500 രൂപ തോതിൽ അധിക ഹോണറേറിയം നൽകുന്നതിന് 2025-26 വാർഷിക - പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ഏറ്റെടുക്കുന്നതിനുള്ള അജണ്ട കമ്മിറ്റി ചർച്ച ചെയ്യുകയുണ്ടായി. എന്നാൽ ഇക്കാര്യം ചുവടെ ചേർക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായി.

i) നിലവിൽ ആശാവർക്കർമാരുടെ ഹോണറേറിയവും ഇൻസന്റീവും മറ്റ് അലവൻസുകളും അലവൻസുകളും കേന്ദ്ര സംസ്ഥാന സർക്കാരുകളാണ് നൽകുന്നതെന്നും, അവരുടെ നിയമനത്തിലും വേതനവും ആനുകൂല്യങ്ങളും നൽകുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അധികാര പരിധിയിൽ വരുന്നതല്ലെന്നും, ആയതിനാൽ പഞ്ചായത്തിന് യാതൊരു ഉത്തരവാദിത്വവും ചുമതലയുമില്ലാത്തതുമാകുന്നു.

ii) തദ്ദേശ സ്ഥാപനങ്ങളിൽ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 28.05.2022 തീയ്യതിയിലെ സ.ഉ (എം.എസ്) നം.115/2022/LSGD/ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലോ, തുടർന്നുള്ള സർക്കാർ ഉത്തരവുകളിലോ ആശവർക്കർമാർക്ക് ഹോണറേറിയമോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ആവർത്തന ചിലവുകൾക്കുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടത് ടി മാർഗ്ഗരേഖയോ സർക്കാർ

ഉത്തരവുകളോ പ്രകാരമായതിനാൽ നിലവിലെ സാഹചര്യത്തിൽ അനുവദിക്കാൻ കഴിയില്ല.

iii) കൂടാതെ മാർഗ്ഗരേഖയിലെ 7.6 പൊതുജനാരോഗ്യം ഖണ്ഡിക പ്രകാരം ആരോഗ്യ മേഖലയിൽ ഏറ്റെടുക്കേണ്ട പദ്ധതികളെ പറ്റിയും ഹോണറേറിയം നൽകേണ്ട ജീവനക്കാരെപ്പറ്റിയും കൃത്യമായി പ്രദിപാദിക്കുന്നുമുണ്ട്. കൂടാതെ സബ്സിഡി മാനണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുമെന്ന് മാർഗ്ഗരേഖയിലെ പൊതു നിബന്ധനകളിലെ ഖണ്ഡിക 2.2 പ്രകാരവും പ്രോജക്ടിന്റെ മാനദണ്ഡങ്ങളും നിബന്ധനകളും പാലിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്കു മാത്രമേ സബ്സിഡി/ധനസഹായം നൽകാൻ പാടുള്ളൂ എന്ന് ഖണ്ഡിക 2.8 പ്രകാരവും വ്യവസ്ഥ ചെയ്യുന്നു.

iV) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്യുന്ന പ്രകാരം പഞ്ചായത്തിന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ഉൾപ്പെടാത്തതും ടി പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലോ സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാൻ നിർദ്ദേശിക്കാത്തതോ ആയ ഈ പ്രവൃത്തി ഏറ്റെടുക്കുന്നത് നിയമപരമല്ല.

എന്നാൽ വിയോജനം രേഖപ്പെടുത്തിയ സെക്രട്ടറിയുടെ അഭിപ്രായം തള്ളുകയും കമ്മിറ്റിയിൽ ഹാജരായതിന് ശേഷം കമ്മിറ്റി ബഹിഷ്കരിച്ച ശ്രീ ജോമോൻ ജോർജ്ജ്, ശ്രീ ജസീർ കുരിക്കൾ, ശ്രീമതി ഗീത പി, ശ്രീമതി പ്രസന്ന കുമാരി, ശ്രീ കൃഷ്ണദാസ് എന്നിവരുടെ അഭാവത്തിൽ ഹാജരായ 14 അംഗങ്ങളുടെ അഭിപ്രായപ്രകാരം 2025-26 വാർഷിക പദ്ധതിയിൽ മെഡിക്കൽ ഓഫീസർ എഫ്എച്ച്സി നിർവ്വഹണ ഉദ്യോഗസ്ഥയായി ആശ വർക്കർമാർക്ക് ഹോണറേറിയം ഇനത്തിൽ 684000/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി പ്രോജക്ട് ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചു.

2) പരാമർശം (1) ലെ തീരുമാനം പുനപരിശോധിയ്ക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് 22/4/2025 ന് ചേർന്ന പഞ്ചായത്ത് സമിതി പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായം തള്ളി മുൻ തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് പരിഗണിച്ച് പരാമർശം (2) & (3) പ്രകാരമുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ 1994-ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ടി ആക്ടിലെ സെക്ഷൻ 271-ജി പ്രകാരം രൂപീകരിച്ച ബഹു.ത സ്വ ഭ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും സെക്ഷൻ 191(4) പ്രകാരം പരാമർശം (2) & (3) തീരുമാനങ്ങൾ സെക്ഷൻ 191(2) പ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി തീർപ്പ കൽപ്പിയ്ക്കുന്നതുവരെ നടപ്പാക്കുന്നത് താൽക്കാലികമായി മാറ്റിവയ്ക്കുന്നതിന് തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 11-08-2025 10:49:18

സെക്ഷൻ ഓഫീസർ

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. സെക്രട്ടറി, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്,മലപ്പുറം ജില്ല
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി3/188/2025/എൽ.എസ്.ജി.ഡി)